17

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 1

06.01.2014 - ൽ
മറുപടിയ്ക്ക്

## ട്രെയിനിൽ യാത്ര ചെയ്യുന്ന സ്ത്രീ യാത്രക്കാരുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ ബഷീർ | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ട്രെയിനിലെ വനിതാ യാത്രക്കാരുടെ സുരക്ഷക്കായി ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) തീവണ്ടികളിലെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി വനിതാ പോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. ഇവർ വനിതാ കമ്പാർട്ടുമെന്റുകളിലും, മറ്റ് കമ്പാർട്ടുമെന്റുകളിലും പരിശോധന നടത്തി സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്. വനിതാ കമ്പാർട്ടുമെന്റുകളിൽ ലാത്തി ധരിച്ച പ്രത്യേക വനിതാ പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിക്കാറുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുദ്യോഗസ്ഥർ വനിതാ കമ്പാർട്ടുമെന്റിനു സമീപം വന്ന് പരിശോധന നടത്താറുണ്ട്. കൂടാതെ റെയിൽവെ ലൈൻ കടന്നുപോകുന്ന ജില്ലകളിലെ ലോക്കൽ പോലീസിനെ ട്രെയിനുകളിലെ യാത്രക്കാരുടെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിക്കുന്നുണ്ട്. ഇതിനുപരി പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. ട്രെയിനുകളിലെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ സുരക്ഷയെ മുൻനിർത്തി ഗവൺമെന്റ് റെയിൽവെ പോലീസിൽ 200 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത 200 തസ്തികകളും റെയിൽവേ പോലീസിന്റെ 13 പോലീസ് സ്റ്റേഷനുകളിലായി വിഭജിച്ച് അംഗബലത്തിൽ ചേർത്തിട്ടുള്ളതാണ്. |

(ബി) ആയുധമേന്തിയ വനിതാ പോലീസുകാർ വനിതാ കമ്പാർട്ടുമെന്റിലുണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വനിതാ കമ്പാർട്ടുമെന്റുകളിൽ ഡ്യൂട്ടിയിലുള്ള വനിതാ പോലീസുദ്യോഗസ്ഥർ ലാത്തി ധരിച്ചാണ് ഡ്യൂട്ടി ചെയ്തു വരുന്നത്. ഡ്യൂട്ടിയിലുള്ള വനിതാ പോലീസുദ്യോഗസ്ഥർക്ക് തോക്ക് തുടങ്ങിയ ആയുധങ്ങൾ നൽകുന്നതിന്റെ പ്രായോഗികത വിശദമായി പഠിച്ച് മാത്രമേ പരിഗണിക്കാൻ കഴിയൂ.

(സി) യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രാത്രികാലങ്ങളിൽ റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) റെയിൽവെ സ്റ്റേഷൻ പരിസരങ്ങളിൽ പോലീസ് പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിച്ചും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുവാനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ